നം. എൻ2/68/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 02/08/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ - 1

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2018-19 - അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന :- കേന്ദ്ര സർക്കാർ കത്ത് എഫ് നം. 9-33/2018 -എസ്.എസ്, തീയതി 24/07/2018

കേന്ദ്രന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന സ്കൂൾ കുട്ടികൾക്കായുള്ള ഈ വർഷത്തെ (2018-19) പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനായുള്ള വിജ്ഞാപനം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വർഷം സർക്കാർ/എയ്ഡഡ്/മറ്റ്അംഗീകാരമുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന പഠനത്തിൽ സമർത്ഥരായ കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരായ കുട്ടികളുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം. അപേക്ഷകൾ www.scholarships.gov.in എന്ന വെബ്സൈറ്റിൽ NSP-2.0 പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രം സമർപ്പിക്കേണ്ടതാണ്. ഇപ്പോൾ പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന 9-ാം ക്ലാസുവരെയുള്ള എല്ലാകുട്ടികളും ഈ വർഷം (2018-19) സ്കോളർഷിപ്പ് പുതുക്കൽ അപേക്ഷയാണ് സമർപ്പിക്കേണ്ടത്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

| |
|---|
| മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധർ, ജൈനർ, സിഖ്, പാഴ്സി എന്നീ വിഭാഗങ്ങളെയാണ് ന്യൂനപക്ഷ മതവിഭാഗങ്ങളായി പരിഗണിക്കുന്നത്. |

## നിർദ്ദേശങ്ങൾ

**ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ സ്കൂളിൽ നിന്നും ലഭിക്കുന്ന മാതൃകാ അപേക്ഷ കൃത്യമായി പൂരിപ്പിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് അന്തിമമായി സമർപ്പിക്കുവാൻ പാടുള്ളൂ. പൂരിപ്പിച്ച മാതൃകാ അപേക്ഷകൾ രക്ഷകർത്താവിന്റെ ഒപ്പുവാങ്ങിയ ശേഷം ഓൺലൈൻ അപേക്ഷയുടെ പകർപ്പു സഹിതം സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.**

1. മുകളിൽ സൂചിപ്പിച്ച ന്യൂനപക്ഷമത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രമേ **National Scholarship Portal (NSP)** വഴി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളൂ.

2. അപേക്ഷകരായ കുട്ടികളുടെ കുടുംബത്തിന്റെ ആകെ വാർഷികവരുമാനം **1,00,000/- രൂപ** (ഒരു ലക്ഷം രൂപ) യിൽ കവിയാൻ പാടില്ലാത്തതും, അപേക്ഷകരായ കുട്ടികൾക്ക് മുൻവാർഷികപരീക്ഷയിൽ **50** ശതമാനത്തിലധികം മാർക്ക് ലഭിച്ചിട്ടുണ്ടായിരിക്കുകയും വേണം. **1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.**

MENTORS KERALA

3. ഒരു കുടുംബത്തിൽ നിന്ന് **പരമാവധി 2 കുട്ടികൾക്ക്** മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

4. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ ചുവടെ പറയുന്ന പ്രധാന വിവരങ്ങൾ കരുതേണ്ടതാണ്/ഓർത്തിരിക്കേണ്ടതാണ്.
   1. കുട്ടിയുടെ ജനനതീയതി
   2. കുടുംബത്തിന്റെ വാർഷിക വരുമാനം
   3. കുട്ടിയുടെ ആധാർ നമ്പർ
   4. കുട്ടിയ്ക്ക് കഴിഞ്ഞ വാർഷിക പരീക്ഷയിൽ ലഭിച്ച മാർക്ക്, ശതമാനം
   5. കുട്ടിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ്
   6. സ്കൂളിലെ ഫീസ് സംബന്ധിച്ച വിവരങ്ങൾ

5. ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ ആധാർ നമ്പർ രജിസ്റ്റർ ചെയ്ത ശേഷം വളരെ ശ്രദ്ധയോടെ അപേക്ഷകന്റെ/കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനനതീയതി, ക്ലാസ് തുടങ്ങിയവ) പൂരിപ്പിക്കുക.

6. സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ (കുട്ടികളുടെ) മാർക്ക് സംബന്ധിച്ച വിവരങ്ങൾ മുൻപ് പഠിച്ചിരുന്ന സ്കൂളിൽ നിന്നും ലഭിച്ച മാർക്ക് ലിസ്റ്റുമായി ഒത്തുനോക്കി ശരിയാണെന്ന് പ്രഥമാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

7. സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ പുതിയ **(FRESH)** അപേക്ഷയും, കഴിഞ്ഞവർഷംവരെ സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ പുതുക്കൽ **(RENEWAL)** അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

8. കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനനതീയതി, ക്ലാസ്, സ്കൂളിന്റെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോൺ നമ്പർ തുടങ്ങിയവ) പൂരിപ്പിക്കുമ്പോൾ തെറ്റാതെ സൂക്ഷിക്കണം. ഈ വിവരങ്ങൾ സംബന്ധിച്ച തെറ്റുകൾ തിരുത്താൻ പിന്നീട് സാധിക്കുന്നതല്ല.

9. അപേക്ഷകരായ കുട്ടികളുടെ ആധാർ നമ്പർ അവരുടെ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതാണ്. ബാങ്ക് അക്കൗണ്ട് ഇടയ്ക്കിടെ മാറ്റാതിരിക്കുക.

10. ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്ന കുട്ടികൾ അവരുടെ പേര് ആദ്യം ചേർക്കുകയും, കുട്ടിയുടെ ആധാർ ബാങ്ക് അക്കൗണ്ടുമായി കൂട്ടിചേർക്കേണ്ടതുമാണ്.

11. NMM സ്കോളർഷിപ്പിന് അർഹരായിട്ടുള്ള കുട്ടികൾ (IX, X, XI, XII ക്ലാസുകൾ) ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ പാടുള്ളതല്ല.

12. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന **Students Registration ID,** ശ്രദ്ധയോടെ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

13. വിദ്യാർത്ഥികൾക്കും ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്കും **National Scholarship Portal (NSP)** വഴി നേരിട്ട് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതാണ്.

14. അപേക്ഷകരായ കുട്ടികൾ നൽകുന്ന മൊബൈൽ നമ്പരിൽ സ്കോളർഷിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും. ആയതിനാൽ കുട്ടികളുടെ (രക്ഷാകർത്താവിന്റെ) മൊബൈൽ നമ്പർ മാത്രം നൽകുക.

15. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളിലെ കുട്ടികൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

16. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റു രേഖകൾ ഒന്നും സ്കാൻ ചെയ്ത് അയയ്ക്കാൻ പാടുള്ളതല്ല.

17. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിലെയും, ആധാർ കാർഡിലെയും, സ്കൂൾ രജിസ്റ്ററിലെയും ബാങ്ക് അക്കൗണ്ടിലെയും പേരും ജനന തീയതിയും ശരിയാണ് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുക.

18. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതായിരിക്കും.

19. സ്കൂളുകളിൽ ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനായി **ഐ.ടി കോ- ഓർഡിനേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.**

**അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.**

**പുതിയത്/പുതുക്കൽ : 30/09/2018**

**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**പകർപ്പ് :-**
1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്ക്**

**കൂടുതൽ വിവരങ്ങൾക്ക് :-**

**www.scholarships.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## നേരിട്ടുള്ള വിവരങ്ങൾക്ക്

**0471-2328438, 2580583, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിച്ച് അന്വേഷിക്കാവുന്നതാണ്.**

# ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - 2018-19

## കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അപേക്ഷ

ജില്ല/വിദ്യാഭ്യാസ ജില്ല :

സ്കൂളിന്റെ പേര്
വിലാസം :

സ്റ്റാറ്റസ് : ഗവൺമെന്റ്/എയ്ഡഡ്/സി.ബി.എസ്.സി/ഐ.സി.എസ്.സി/മറ്റു അംഗീകൃത സ്കൂളുകൾ

കുട്ടിയുടെ പേര് : ജനന തീയതി :

ആധാർ നമ്പർ : പ്രവേശനം ലഭിച്ച ക്ലാസ്സ് :

കുട്ടിയുടെ ലിംഗം :

| ആൺ | പെൺ | ഭിന്നലിംഗം |
|---|---|---|

കുട്ടിയുടെ ജാതിയും മതവും :

ഏത് വിഭാഗത്തിൽപ്പെടുന്നു :

| OBC | SC | ST |
|---|---|---|

കുട്ടിയുടെ അച്ഛന്റെ പേര് : കുട്ടിയുടെ അമ്മയുടെ പേര് :

കുട്ടിയുടെ രക്ഷകർത്താവിന്റെ പേര് :

രക്ഷിതാവിന്റെ തൊഴിൽ :

വിലാസം :

കുട്ടിയുടെ രക്ഷിതാവിന്റെ വാർഷിക വരുമാനം :

കുട്ടിയുടെ താമസ സ്ഥലത്തെ വിവരങ്ങൾ :

| സംസ്ഥാനം | ജില്ല | താലൂക്ക് | കോർഷറേഷൻ/മുനിസിപ്പാലിറ്റി /പഞ്ചായത്ത് |
|---|---|---|---|
| | | | |

കുട്ടിയുടെ രക്ഷിതാവിന്റെ മൊബൈൽ നമ്പർ :

✓ കുട്ടികൾക്ക് മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ :

| ഉണ്ട് | ഇല്ല |
|---|---|

ഈ വർഷം റഗുലർ ക്ലാസ്സ് ആരംഭിച്ച തീയതി : [ ]

കുട്ടി അനാഥനാണോ : അതെ/അല്ല

**'അതെ'** എങ്കിൽ കുട്ടി ഉൾപ്പെടുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം :

| |
|---|
| |
| |
| |

അംഗവൈകല്യം സംബന്ധിച്ച വിവരം :

| 25% | 40% | 50% | കൂടുതൽ |
|---|---|---|---|

കുട്ടിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (നിർബന്ധം) :

| അക്കൗണ്ട് നമ്പർ | ഐ.എഫ്.എസ് കോഡ് | ബാങ്കിന്റെ/ ബ്രാഞ്ചിന്റെ പേര് |
|---|---|---|
| | | |

കുട്ടിയുടെ ആധാർ നമ്പർ ബാങ്ക് അക്കൗണ്ട് നമ്പരുമായി ലിങ്ക് ചെയ്തിട്ടുണ്ടോ : ഉണ്ട്/ഇല്ല

മുൻ വാർഷിക പരീക്ഷയിൽ ലഭിച്ച മാർക്ക്/ശതമാനം : [ ]

കുട്ടിയുടെ മാതൃഭാഷ : [ ]

കുട്ടികളുടെ ഫീസ് സംബന്ധിച്ച വിവരങ്ങൾ :

| അഡ്മിഷൻ ഫീസ് | ട്യൂഷൻ ഫീസ് | മറ്റ് ഇനങ്ങൾ |
|---|---|---|
| | | |

## <u>രക്ഷിതാവിന്റെ സത്യപ്രസ്താവന</u>

........................................ സ്കൂളിൽ ................ ക്ലാസ്സിൽ പഠിക്കുന്ന ........................................ എന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ പിതാവ്/മാതാവ്/ രക്ഷകർത്താവ് ആയ ഞാൻ, ......................... (മതം/ജാതി) എന്ന ന്യൂനപക്ഷ സമുദായത്തിൽ ഉൾപ്പെട്ടയാളാണെന്നും, ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനല്ല എന്നും എന്റെ വാർഷിക വരുമാനം ................................ മാത്രമാണെന്നും, എന്റെ കുടുംബത്തിൽ നിന്നും 2 കുട്ടികളിൽ കൂടുതൽ പ്രീ-മെട്രിക് സ്കോളർഷിപ്പിന് (മറ്റ് വകുപ്പുകളിലേതടക്കം) അപേക്ഷിച്ചിട്ടില്ല/കൈപ്പറ്റുന്നില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രസ്താവനയിലെ ഏതെങ്കിലും വിവരം വ്യാജമാണെന്ന് തെളിയിക്കപ്പെടുന്ന പക്ഷം എന്റെ മകന്/മകൾക്ക് ലഭിക്കുന്ന തുക മുഴുവനായും തിരിച്ചടക്കാമെന്നും നിയമപരമായ മറ്റു നടപടികൾക്ക് വിധേയനായിക്കൊള്ളാമെന്നും സമ്മതിക്കുന്നു.

**സ്ഥലം:**

**തീയതി :** **വിദ്യാർത്ഥിയുടെ പേരും ഒപ്പും** **രക്ഷിതാവിന്റെ പേരും ഒപ്പും**